**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1849** **19-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിലെ ശമ്പള സ്കെയിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി കെ അബ്ദു റബ്ബ് | | **Shri. A. K. Saseendran**<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി യിൽ ലൈൻ ഡ്യൂട്ടിജീവനക്കാർക്ക് മിനിസ്റ്റീരിയൽജീവനക്കാരുടേതുമായി താരതമ്യപ്പെടുത്തുമ്പോൾ ശമ്പള സ്കെയിൽ വളരെ താഴ്ന്ന നിലയിലാണ്അനുവദിച്ചിരിക്കുന്നതെന്ന കാര്യം സർക്കാർ പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; ഇവിടെ പതിനാറ് വർഷം തികഞ്ഞ ഒരു കണ്ടക്ടർക്ക് ലഭിക്കുന്ന ശമ്പളവും ഇതേ കാലയളവ്പൂർത്തിയാക്കിയ ഒരു ക്ലറിക്കൽ ജീവനക്കാരന് ലഭ്യമാകുന്ന പ്രതിമാസ പൂർണ്ണ ശമ്പളവും താരതമ്യം ചെയ്തിട്ടുണ്ടോ; | (എ) | ലൈൻ ഡ്യൂട്ടി ജീവനക്കാരിൽ ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് മിനിസ്റ്റീരിയൽ ജീവനക്കാരുടേതിനേക്കാൾ തൊട്ടുമുകളിലുള്ള ശമ്പള സ്കെയ് ലും, കണ്ടക്ടർ വിഭാഗം ജീവനക്കാർക്കും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്കും ഒരേ ശമ്പള സ്കെയ് ലും ആണ് നിലനിൽക്കുന്നത്. ഡ്രൈവർ ഗ്രേഡ് II - Scale IV (10210-23160) കണ്ടക്ടർ ഗ്രേഡ് II - Scale III (9940-21180) ജൂനിയർ അസിസ്റ്റന്റ് - Scale III (9940-21180) പതിനാറ് വർഷം യഥാസമയം പൂർത്തിയാക്കിയ കണ്ടക്ടർക്കും, ഡ്രൈവർക്കും, ക്ലാർക്കിനും ഒരേ അടിസ്ഥാന ശമ്പളവും ആണ് ഉള്ളത്. ആയതിനാൽ ലൈൻ ഡ്യൂട്ടി ജീവനക്കാർക്ക് മിനിസ്റ്റീരിയൽ ജീവനക്കാരുടേതിനെക്കാൾ താഴ്ന്ന നിലയിലുള്ള ശമ്പളമാണ് ലഭ്യമാകുന്നതെന്നത് വസ്തുതാപരമല്ല. കൂടാതെ കണ്ടക്ടർ / ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് അവരവരുടെ ജോലികൾക്ക് അനുസൃതമായി കിലോമീറ്റർ അലവൻസ്, ഇൻസെന്റീവ് ബാറ്റാ, കളക്ഷൻ ബാറ്റാ, കിലോമീറ്റർ പർ അലവൻസ്, ലേ ഓവർ അലവൻസ് മുതലായ വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നു. എന്നാൽ ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് ഇത്തരം അലവൻസുകൾ നൽകുന്നില്ല. |
| (ബി) | ഇവിടെ പ്രയാസമേറിയ ജോലി നോക്കുന്ന ലൈൻ ഡ്യൂട്ടി വിഭാഗത്തിന് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെക്കാൾ താഴ്ന്ന പ്രതിമാസ ശമ്പളമാണ് ലഭ്യമാകുന്നതെന്ന കാര്യം സർക്കാരിന് അറിവുണ്ടോ; | (ബി) | ലൈൻ ഡ്യൂട്ടി ജീവനക്കാർക്ക് മിനിസ്റ്റീരിയൽ ജീവനക്കാരുടേതിനെക്കാൾ താഴ്ന്ന നിലയിലുള്ള ശമ്പളമാണ് ലഭ്യമാകുന്നതെന്നത് വസ്തുതാപരമല്ല. കൂടാതെ കണ്ടക്ടർ / ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് അവരവരുടെ ജോലികൾക്ക് അനുസൃതമായി കിലോമീറ്റർ അലവൻസ്, ഇൻസെന്റീവ് ബാറ്റാ, കളക്ഷൻ ബാറ്റാ, കിലോമീറ്റർ / അലവൻസ്, ലേ ഓവർ അലവൻസ് മുതലായ വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇതിൽ നിന്നും പൂർണ്ണ വ്യത്യസ്തതയോടെ ഓപ്പറേറ്റിംഗ് വിഭാഗത്തിനാണ് മിനിസ്റ്റീരിയൽ വിഭാഗത്തെക്കാളും അധികരിച്ച ശമ്പളം നൽകി വരുന്നതെന്ന്സർക്കാരിന് അറി വുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് കെ.എസ്.ആർ.ടി.സി യിൽ മാത്രം ഇത് നടപ്പിലാക്കുന്നതിന് തൊഴിലാളി സംഘടനകൾ ആവശ്യപ്പെന്നയിച്ചില്ലെങ്കിലുംസർക്കാർ ഇക്കാര്യത്തിൽ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളേതിൽ നിന്നും വേറിട്ടൊരു സമീപനം സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | നിലവിൽ ലൈൻ ഡ്യൂട്ടി ജീവനക്കാർക്ക് മിനിസ്റ്റീരിയൽ ജീവനക്കാരുടേതിന് തുല്യമോ അതിനു മുകളിലോ ഉള്ള ശമ്പളമാണ് ലഭ്യമാകുന്നത്. |
| (ഡി) | തൊഴിലാളി യൂണിയനുകളുമായി നടക്കാനിരിക്കുന്ന അടുത്ത ശമ്പളക്കരാർ ചർച്ചയിൽ സർക്കാർ ഇക്കാര്യം നടപ്പിലാക്കുന്നതിന് ആത്മാർത്ഥതയോടെ താൽപ്പര്യമെടുക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ? | (ഡി) | നിലവിൽ ലൈൻ ഡ്യൂട്ടി ജീവനക്കാർക്ക് മിനിസ്റ്റീരിയൽ ജീവനക്കാരുടേതിന് തുല്യമോ അതിനു മുകളിലോ ഉള്ള ശമ്പളമാണ് ലഭ്യമാകുന്നത്. കൂടാതെ കണ്ടക്ടർ / ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് അവരവരുടെ ജോലികൾക്ക് അനുസൃതമായി കിലോമീറ്റർ അലവൻസ്, ഇൻസെന്റീവ് ബാറ്റാ, കളക്ഷൻ ബാറ്റാ, കിലോമീറ്റർ / അലവൻസ്, ലേ ഓവർ അലവൻസ് മുതലായ വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ